പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 386 29/06/2016-ൽ മറുപടിക്ക്

## ചെറുപുഴ വൈദ്യുതി സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കൃഷ്ണൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ കെ.എസ്.ഇ.ബി. പാടിയോട്ടുചാൽ സെക്ഷൻ വിഭജിച്ച് പുതുതായി ചെറുപുഴ കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസ് അനുവദിച്ച് ഉത്തരവായിട്ടും പ്രസ്തുത സെക്ഷൻ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;<br><br>(ബി) മലയോര മേഖലയിലെ ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്ന പ്രസ്തുത സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | **(എ) യും (ബി) യും**<br><br>പാടിയോട്ടുചാൽ സെക്ഷൻ വിഭജിച്ച് ചെറുപുഴ ഇലക്ട്രിക്കൽ സെക്ഷൻ തുടങ്ങുവാൻ 24.02.2016-ലെ ബോർഡ് ഉത്തരവ് പ്രകാരം തീരുമാനം ആയിട്ടുണ്ട്. പ്രസ്തുത ഓഫീസിന്റെ പ്രവർത്തനത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് ഭൂമി സൗജന്യമായോ, അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭ്യമല്ലാത്തതിനാലാണ് പ്രവർത്തനമാരംഭിക്കുന്നതിന് സാധിക്കാത്തത്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**